# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

ജൂൺ 08, 2016

## 2015-ലെ സോവറിൻ സ്വർണ്ണ ബോണ്ടുകളുടെ ക്രയവിക്രയം (2015 നവംബർ 30 നു പുറപ്പെടുവിച്ചവ)

2015 ഒക്ടോബർ 30-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ വിജ്ഞാപനം അനുസരിച്ച്, 2015 ലെ സോവറിൻ സ്വർണ്ണ ബോണ്ടു പദ്ധതി പ്രഖ്യാപിച്ചു. പദ്ധതിയുടെ 17-ാം ഖണ്ഡിക പ്രകാരം, സെക്യൂരിറ്റീസ് കോൺട്രാക്ട്സ് (റെഗുലേഷൻ) ആക്ട് 1956-ൻ കീഴിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യ അംഗീകരിച്ചിട്ടുള്ള സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ, പ്രത്യക്ഷമല്ലാത്ത നിലയിലുള്ള (dematerialised) സോവറിൻ സ്വർണ്ണ ബോണ്ടുകൾ (2015 നവംബർ 30 ന് പുറപ്പെടുവിച്ചിട്ടുള്ളവ) 2016 ജൂൺ 13-ാം തീയതി മുതൽ ക്രയവിക്രയം ചെയ്തു തുടങ്ങാമെന്ന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ഇതിനാൽ പ്രഖ്യാപിക്കുന്നു. ഇതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ള ശ്രേണികളിലുള്ള ബോണ്ടുകളുടെ ക്രയ വിക്രയം തുടങ്ങാനുള്ള തീയതി പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്.

**സംഗീത ദാസ്**
ഡയറക്ടർ

**പ്രസ്സ് റിലീസ് 2015-2016/2857**